# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ജൂൺ 25, തിങ്കൾ

**നമ്പർ 137**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

ഇടുക്കി ജില്ലയിലെ എട്ട് വില്ലേജുകളിൽ ഗൃഹനിർമ്മാണത്തിന് വില്ലേജ് ഓഫീസറുടെ എൻ.ഒ.സി. ബാധകമാക്കിയ സർക്കാർ ഉത്തരവുമൂലം മലയോര കർഷകർ അനുഭവിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. എം. മാണിയും മറ്റ് മൂന്നംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ :

(1) ഗുരുവായൂരിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത, സംസ്ഥാന പദ്ധതികളുടെ ഏകോപനത്തിനായി ഒരു വികസന അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.കെ.വി.അബ്ദുൾ ഖാദർ തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമഗ്ര വികസനത്തിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.അബ്ദുൽ ഹമീദ്. പി. മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1386/2018(i).

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. മുല്ലക്കര രത്നാകരൻ | ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് | മുഖ്യമന്ത്രി |
| 2 | ശ്രീ. രമേശ് ചെന്നിത്തല | തൃക്കുന്നപ്പുഴ ആറാട്ടുപുഴ തീരദേശ മേഖലയിലെ കടലാക്രമണം | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. എ.എൻ.ഷംസീർ | ഹരിപ്പാട് മുൻ ICDS ഉദ്യോഗസ്ഥയുടെ പരാതി | മുഖ്യമന്ത്രി |
| 4 | ശ്രീ. റോജി എം.ജോൺ | കൊച്ചി മെട്രോ അങ്കമാലി വരെ നീട്ടുന്നത് | മുഖ്യമന്ത്രി |
| 5 | ഡോ. എൻ.ജയരാജ് | ചിറക്കടവ് പ്രദേശത്തെ രാഷ്ട്രീയ സംഘർഷങ്ങൾ | മുഖ്യമന്ത്രി |
| 6 | ശ്രീ. ഐ.സി.ബാലകൃഷ്ണൻ | വയനാട്ടിലെ കർഷകരിൽ നിന്നുള്ള സാമ്പത്തിക തട്ടിപ്പ് | മുഖ്യമന്ത്രി |
| 7 | ശ്രീ. അനൂപ് ജേക്കബ് | ആമ്പല്ലൂർ വില്ലേജ് ഓഫീസിലെ കാലതാമസം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീമതി സി.കെ.ആശ | കണ്ടെയിനർ ലോറി മറിഞ്ഞ് തകർന്ന വീട് താമസ യോഗ്യമാക്കി നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 9 | ശ്രീ.കെ.എൻ.എ. ഖാദർ | കാലവർഷക്കെടുതിയുടെ നഷ്ടപരിഹാരം നൽകുന്നതും പുനരുദ്ധാരണ പ്രവർത്തനങ്ങളും | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 10 | ശ്രീ. സജി ചെറിയാൻ | ചെങ്ങന്നൂരിലെ കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 11 | ശ്രീ. ഡി.കെ.മുരളി | കിള്ളിയാർ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 12 | ശ്രീമതി പി.അയിഷാ പോറ്റി | കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 13 | ശ്രീ. വി.എസ്.ശിവകുമാർ | കിള്ളിപ്പാലം അട്ടക്കുളങ്ങര റോഡ് നവീകരണം, വഴുതക്കാട് തൈക്കാട് ഫ്ലൈ ഓവർ എന്നിവ സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 14 | ശ്രീ. എം.നൗഷാദ് | ദക്ഷിണ റെയിൽവേയുടെ പുതിയ സമയ ക്രമീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 15 | ശ്രീ. കെ.എം.ഷാജി | ദേശീയപാത വികസനത്തിലെ അലൈൻമെന്റ് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 16 | ശ്രീ. പി.ടി.തോമസ് | സീപോർട്ട്-എയർപോർട്ട് റോഡ് നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 17 | ശ്രീ. ജി.എസ്.ജയലാൽ | പള്ളിക്കമണ്ണടി പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 18 | ശ്രീ. സി.കെ.നാണു | വടകര ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണത്തിലെ കാലതാമസം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 19 | ശ്രീ. വി.ടി.ബൽറാം | തൃത്താലയിലെ ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 20 | ശ്രീ. അൻവർ സാദത്ത് | കളിമൺപാത്ര നിർമ്മാണം പരമ്പരാഗത വ്യവസായങ്ങളിൽ ഉൾപ്പെടുത്തുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 21 | ശ്രീ. ആർ.രാജേഷ് | സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപക തസ്തിക സൃഷ്ടിക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 22 | ശ്രീ. കോവൂർ കുഞ്ഞുമോൻ | സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 23 | ശ്രീ. ഹൈബി ഈഡൻ | കമ്മട്ടിപ്പാടനിവാസികൾക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി വീട് വച്ച് നൽകുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 24 | ശ്രീ.ജോൺ ഫെർണാണ്ടസ് | മട്ടാഞ്ചേരിയിലെ വഖഫ് ബോർഡിന് കീഴിലുള്ള കാലപ്പഴക്കം വന്ന കെട്ടിടങ്ങൾ പുതുക്കി പണിയുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 25 | ശ്രീ. എൻ.വിജയൻ പിള്ള | ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും |
| 26 | ശ്രീ. റ്റി.വി.രാജേഷ് | പിലാത്തറ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നത് | വൈദ്യുതി വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

മേശപ്പുറത്തുവച്ച കടലാസുകൾ :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 576/2016 | ജി.ഒ.(ആർറ്റി.) നമ്പർ 2630/2016/ഹോം. | 25-8-2016 |
| 2 | 286/2018 | ജി.ഒ.(ആർറ്റി.) നമ്പർ 361/2018/ഹോം. | 2-2-2018 |
| 3 | 341/2018 | ജി.ഒ.(പി.) നമ്പർ 24/2018/ഹോം. | 27-5-2018 |
| 4 | 357/2018 | ജി.ഒ.(എംഎസ്.) നമ്പർ 77/2018/ഹോം. | 28-4-2018 |
| 5 | 386/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1486/2018/ഹോം. | 24-5-2018 |
| 6 | 379/2018 | ജി.ഒ.(പി.) നമ്പർ 19/2018/ട്രാൻ. | 4-6-2018 |
| 7 | 398/2018 | ജി.ഒ.(പി.) നമ്പർ 20/2018/ട്രാൻ. | 13-6-2018 |
| 8 | 384/2018 | ജി.ഒ.(പി.) നമ്പർ 14/2018/ഐ.ഡി. | 4-6-2018 |
| 9 | 253/2018 | ജി.ഒ.(പി.)നമ്പർ 44/2018/എച്ച്&എഫ്ഡബ്ല്യുഡി. | 20-4-2018 |
| 10 | 350/2018 | ജി.ഒ.(പി.) നമ്പർ 77/2018/റ്റിഡി. | 1-6-2018 |
| 11 | 351/2018 | ജി.ഒ.(പി.) നമ്പർ 78/2018/റ്റിഡി. | 1-6-2018 |
| 12 | 352/2018 | ജി.ഒ.(പി.) നമ്പർ 79/2018/റ്റിഡി. | 1-6-2018 |
| 13 | 373/2018 | സ.ഉ. (അച്ചടി) നമ്പർ 48/2018/തൊഴിൽ | 31-5-2018 |
| 14 | 328/2018 | ജി.ഒ.(പി.) നമ്പർ 53/2018/കോ-ഓപ്. | 5-5-2018 |
| 15 | 329/2018 | ജി.ഒ.(പി.) നമ്പർ 54/2018/കോ-ഓപ്. | 8-5-2018 |
| 16 | 382/2018 | ജി.ഒ.(പി.) നമ്പർ 11/2018/ എഫ്&പിഡി. | 7-6-2018 |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും |
| 2 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2014-15 | വാർഷിക റിപ്പോർട്ട് |

iii. താഴെപ്പറയുന്ന ഉത്തരങ്ങൾ ചട്ടം 47(2) പ്രകാരമുള്ള കാലതാമസ പത്രിക സഹിതം

| നിയമസഭ | സമ്മേളനം | നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ |
|---|---|---|
| 13 | 10 | 3523 |
| 14 | 7 | 1755 |
| 14 | 9 | 157, 1839 |
| 14 | 10 | 3, 15, 77, 241, 1052, 1484, 3228, 3280, 4295, 4345, 4386, 5769, 5776, 5816, 5858, 6216 |

റിപ്പോർട്ട് സമർപ്പണം :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) സബ്ജക്ട് കമ്മിറ്റി III-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

(2) സബ്ജക്ട് കമ്മിറ്റി III-ന്റെ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

(3) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അറുപത്തിയെട്ട് മുതൽ എഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ.

സ്പീക്കറുടെ റൂളിംഗ് :

ഭരണഘടനയുടെ അനുച്ഛേദം 187 പ്രകാരം സ്ഥാപിതമായിട്ടുള്ള നിയമസഭാ സെക്രട്ടേറിയറ്റിനും അതിന്റെ നാഥനായ സ്പീക്കർക്കും ഉള്ള പ്രത്യേക അധികാരങ്ങളിലും അവകാശങ്ങളിലും കടന്നുകയറാനും അതിന്മേൽ മേൽക്കോയ്മ സ്ഥാപിക്കുവാനും ധനകാര്യവകുപ്പ് ശ്രമം നടത്തുന്നുവെന്നും അത് നിയമസഭാ സെക്രട്ടേറിയറ്റിന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്നതാണെന്നും ഇക്കാര്യം വിശദമായി പരിശോധിച്ച് വ്യക്തമായ റൂളിംഗ് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 20-6-2018-ന് ശ്രീ.വി.ഡി.സതീശൻ ചട്ടം 303 പ്രകാരം ഒരു ക്രമപ്രശ്നത്തിന് സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നല്കി:

"ബഹുമാനപ്പെട്ട ഗവർണ്ണർ സ്പീക്കറുമായി കൂടിയാലോചിച്ച് പുറപ്പെടുവിച്ച 1979-ലെ കേരള നിയമസഭ സെക്രട്ടേറിയറ്റ് (റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നിയമസഭ സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട് കാര്യങ്ങളിൽ ധനകാര്യവകുപ്പ് തീർപ്പ് കൽപ്പിച്ചിട്ടുള്ളൂ എന്നും നിയമസഭയുടെ സ്വതന്ത്രപദവിയേയും സ്പീക്കറുടെ അധികാരത്തേയും ഹനിക്കുന്ന നടപടികൾ ഒന്നുംതന്നെ ധനകാര്യവകുപ്പ് സ്വീകരിച്ചിട്ടില്ലെന്നും ധനകാര്യവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുകയുമുണ്ടായി.

തുടർന്ന്, ഉന്നയിക്കപ്പെട്ട വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഇതു സംബന്ധിച്ച രേഖകൾ വിശദമായി പരിശോധിച്ച് വ്യക്തമായ റൂളിംഗ് പിന്നീട് നൽകുന്നതാണെന്ന് ചെയർ അറിയിക്കുകയും ചെയ്തിരുന്നു.

ശ്രീ.വി.ഡി.സതീശൻ സഭയിൽ ഉന്നയിച്ച വിഷയത്തിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളും അതു സംബന്ധിച്ച് ധനകാര്യമന്ത്രി നൽകിയ വിശദീകരണവും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായ ബന്ധപ്പെട്ട ഫയൽ രേഖകളുടേയും മറ്റ് അടിസ്ഥാന പ്രമാണങ്ങളുടേയും അടിസ്ഥാനത്തിൽ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

സഭാ നടപടികളുടെ കാര്യത്തിലെന്നപോലെ നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനവും വ്യക്തമായ നിയമവ്യവസ്ഥകളുടേയും ചട്ടങ്ങളുടേയും നടപടിക്രമങ്ങളുടേയും അടിസ്ഥാനത്തിലാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. എക്സിക്യൂട്ടീവിന്റെ ഭാഗമായ ഇതര സർക്കാർ വകുപ്പുകൾക്ക് പൊതുവെ ബാധകമായ ഒട്ടേറെ നിയമവ്യവസ്ഥകളും പ്രവർത്തനശൈലിയും ലെജിസ്ലേച്ചറിന്റെ ഭാഗമായ നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തേയും നിയന്ത്രിക്കുന്നെങ്കിലും എക്സിക്യൂട്ടീവിൽ നിന്നും വിഭിന്നമായി സ്പീക്കറുടെ സമ്പൂർണ്ണ നിയന്ത്രണത്തിലുള്ളതും ഏറെക്കുറെ സ്വതന്ത്രമായതുമായ ഒരു ഭരണക്രമമാണ് നിയമസഭാ സെക്രട്ടേറിയറ്റിനായി ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളത്.

സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ. സഭകളുടെ നിഷ്പക്ഷവും സ്വതന്ത്രവുമായ പ്രവർത്തനത്തിന് ഒരു പ്രത്യേക സെക്രട്ടേറിയറ്റ് ഉണ്ടാകേണ്ടത് ഇന്ത്യൻ ജനാധിപത്യത്തിൽ അനിവാര്യമാണെന്നുള്ള ഭരണഘടനാ നിർമ്മാതാക്കളുടെ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് 187-ാം അനുച്ഛേദമായി ഭരണഘടനയിൽ സംസ്ഥാന നിയമ നിർമ്മാണസഭകൾക്കായി പ്രത്യേക സെക്രട്ടേറിയറ്റിനുള്ള വ്യവസ്ഥ ഉൾച്ചേർത്തത്. അത്തരത്തിൽ രൂപീകരിക്കപ്പെടുന്ന സെക്രട്ടേറിയറ്റുകളുടെ സ്വതന്ത്രവും നിഷ്പക്ഷവും സുഗമവുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിലേക്കായി സംസ്ഥാനത്തിന്റെ മൊത്തം വാർഷിക ബഡ്ജറ്റിന്റെ ഒരു നിശ്ചിത ശതമാനം തുക പ്രതിവർഷം വകയിരുത്തുന്ന ഒരു കീഴ്വഴക്കം ഇന്ത്യയിലെ ഏതാനും ചില സംസ്ഥാന നിയമസഭകളിൽ നിലവിലുണ്ട്. ഇന്ത്യൻ പാർലമെന്റും ഈ രീതിയാണ് പിൻതുടരുന്നത്.

എന്നാൽ കേരളത്തിൽ നിയമസഭയുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതം നിശ്ചയിക്കുന്നതിൽ മേൽപ്പറഞ്ഞ തരത്തിലുള്ള ഒരു കീഴ്വഴക്കം സ്വീകരിച്ചിട്ടില്ലെങ്കിൽപ്പോലും നിയമസഭയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന യാതൊരുവിധ ചർച്ചയും കൂടാതെ ഏകകണ്ഠേനയാണ് സഭ പാസ്സാക്കുന്നത്. മാത്രവുമല്ല, നിയമസഭയുടേയും അതിന്റെ സെക്രട്ടേറിയറ്റിന്റെയും പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനാവശ്യമായ വാർഷിക ബഡ്ജറ്റ് വിഹിതവും മറ്റ് അനുബന്ധ കാര്യങ്ങളും ഉറപ്പാക്കുന്ന കാര്യത്തിൽ ധനകാര്യവകുപ്പ് അങ്ങേയറ്റത്തെ ജാഗ്രതയാണ് പുലർത്തി വരുന്നത്. നിയമസഭയുടെയും വിവിധ കമ്മിറ്റികളുടെയും പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്ന കാര്യത്തിൽ ഇതര സർക്കാർ വകുപ്പുകളും അർദ്ധ സർക്കാർ സ്ഥാപനങ്ങളും അങ്ങേയറ്റത്തെ സൗമനസ്യവും സഹകരണവുമാണ് പ്രകടിപ്പിച്ച് വരുന്നത് എന്ന് ഏറെ ചാരിതാർത്ഥ്യത്തോടെ സഭാംഗങ്ങളെ അറിയിക്കട്ടെ. ഇത്തരത്തിൽ ആരോഗ്യകരമായ എക്സിക്യൂട്ടീവ് ലെജിസ്ലേച്ചർ ബന്ധം നിലനിൽക്കുന്നതുമൂലം നിയമസഭയുടെ അന്തസ്സ് ഉയരുകയും നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനമികവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട് എന്നത് നമുക്കൊക്കെ അഭിമാനിക്കാൻ വക നൽകുന്ന ഒരു കാര്യം തന്നെയാണ്.

എന്നിരുന്നാലും സഭാ സമ്മേളനവുമായും നിയമസഭാ സെക്രട്ടേറിയറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ടതും സഭാദ്ധ്യക്ഷന്റെ exclusive financial jurisdiction-ൽ പെട്ടതുമായ കാര്യങ്ങളിൽ സ്പീക്കർ കൈക്കൊള്ളുന്ന തീരുമാനങ്ങളുടെ സാംഗത്യം ചോദ്യം ചെയ്യുകയും മേലിൽ ധനവകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ അത്തരം അധികാരങ്ങൾ വിനിയോഗിക്കുവാൻ പാടുള്ളൂ എന്ന് ഫയലിൽ ഉത്തരവിടുകയും അത് ഔദ്യോഗികമായി നിയമസഭാ സെക്രട്ടേറിയറ്റിനെ അറിയിക്കുകയും ചെയ്യുന്ന പ്രവണത ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നു എന്ന ശ്രീ. വി. ഡി. സതീശന്റെ ആരോപണം ശരിവയ്ക്കുന്ന ചില സന്ദർഭങ്ങൾ ഇതിനു മുമ്പുതന്നെ ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. നിയമസഭയുടെ പ്രത്യേക അധികാര അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് സമവായത്തിലൂടെ ഇക്കാര്യങ്ങൾ നിർവ്വഹിക്കണമെന്ന് ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം ചേർന്ന് തീരുമാനിച്ചിരുന്നതുമാണ്.

എന്നാൽ, 1979-ലെ കേരള ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് (റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസിലോ, 1987-ലെ ദി പേഴ്സണൽ സ്റ്റാഫ് ഓഫ് സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ ആന്റ് ചെയർമെൻ ഓഫ് ഫിനാൻഷ്യൽ കമ്മിറ്റീസ് റൂൾസിലോ ഒന്നും തന്നെ ധനകാര്യവകുപ്പിന്റെ മുൻകൂർ അനുമതിയോ അധികാരമോ വേണമെന്ന് നിഷ്കർഷിക്കുന്നില്ല. എന്നിരിക്കേ, സമ്പൂർണ്ണമായും സ്പീക്കറുടെ അധികാരിതയിൽ വരുന്ന കാര്യങ്ങളിൽപ്പോലും നിയമസഭയിൽ നിന്നും തുടർനടപടികൾക്കായി അയയ്ക്കുന്ന ഫയലുകളിൽ ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ അനാവശ്യ പരാമർശങ്ങൾ നടത്തുന്നത് ഒട്ടും തന്നെ ആശാസ്യകരമായ കാര്യമല്ലെന്ന് അസന്ദിഗ്ദ്ധമായിത്തന്നെ അറിയിക്കുന്നു.

ഇതുസംബന്ധിച്ച് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ട ഫയലുകളിലൊന്നിൽ ഏതു ചട്ടത്തിലെ ഏത് വ്യവസ്ഥയുടെ അഥവാ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരമൊരു ഡയറക്ഷൻ നല്കുന്നതെന്ന് പരാമർശിച്ചിട്ടില്ലെന്ന് മാത്രമല്ല മേൽപ്പറഞ്ഞ തരത്തിൽ പരാമർശം നടത്തിയ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ തന്റെ പേരും ഔദ്യോഗിക പദവിയും ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഫയലുകൾ പ്രോസസ് ചെയ്യുമ്പോൾ പാലിക്കേണ്ട അംഗീകൃത ഓഫീസ് നടപടിക്രമത്തിന്റെ കടുത്ത ലംഘനം കൂടിയാണ് ഈ നടപടി. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള ഫയലുകൾ എത്ര ലാഘവത്തോടും നിരുത്തരവാദത്തോടും കൂടിയാണ് ധനകാര്യവകുപ്പിലെ ചില ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്നത് എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമായി ഈ നടപടിയെ കാണാവുന്നതാണ്.

ഇതിനുമുമ്പ് സ്പീക്കറുടേയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സാമ്പത്തികാധികാരത്തെ നിയന്ത്രിച്ചുകൊണ്ട് ധനകാര്യവകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ച കാര്യവും അതു സംബന്ധിച്ച് പത്താം കേരള നിയമസഭയുടെ കാലത്ത് 1996 നവംബർ 13- ാം തീയതി സഭാതലത്തിൽ ഉയർന്നുവന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യമന്ത്രി അന്നുതന്നെ പ്രസ്തുത ഉത്തരവ് പിൻവലിച്ച് സഭയിൽ മാപ്പുപറഞ്ഞ സംഭവവും ശ്രീ.വി.ഡി.സതീശൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി.

നീണ്ടകാലങ്ങൾക്കുശേഷം അത്തരത്തിലുള്ള ദുഷ്പ്രവണതകൾ ധനകാര്യവകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീണ്ടും ഉണ്ടാകുന്നതായി കാണുന്നതിൽ ചെയറിനുള്ള കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു. ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ശ്രീ. വി. ഡി. സതീശൻ സഭയുടെ അനുമോദനം അർഹിക്കുന്നു.

പാർലമെന്റിനും മറ്റു സംസ്ഥാന നിയമസഭകൾക്കും മാതൃക ആകുന്ന തരത്തിൽ ഒട്ടേറെ വിപ്ലവകരമായ മാറ്റങ്ങൾക്ക് വേദിയായിട്ടുള്ള നമ്മുടെ മഹത്തായ സഭയ്ക്ക് അത്തരം നേട്ടങ്ങൾ സ്വായത്തമാക്കുവാൻ കഴിഞ്ഞത് മാറിമാറിവന്ന സർക്കാരുകൾ അതതു സമയം സഹിഷ്ണുതയോടും സൗഹാർദ്ദപൂർവ്വവും പുലർത്തിയ സഹകരണ മനോഭാവവും തുറന്ന

മനസ്സോടെ നൽകിയ പ്രവർത്തന സ്വാതന്ത്ര്യവും കൊണ്ടുമാത്രമാണ്. ഭരണഘടനാ തത്വങ്ങൾക്ക് അനുസൃതമായും പ്രത്യയശാസ്ത്രങ്ങൾക്കതീതമായിട്ടുമുള്ള അത്തരം സഹവർത്തിത്തം തകർക്കുന്ന തരത്തിൽ ഉയർന്നുവരുന്ന ദുഷ്പ്രവണതകൾ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത ഉണ്ടാകണമെന്നും ചെയർ ബന്ധപ്പെട്ടവരെ ഇത്തരത്തിൽ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു."

<u>നിയമനിർമ്മാണകാര്യം</u> :

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:</u>

(1) തൊഴിലും എക്സൈസും വകുപ്പുമന്ത്രിയ്ക്കു വേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ.കടകംപള്ളി സുരേന്ദ്രൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ അബ്കാരി (ഭേദഗതി) ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ശ്രീ. വി. ഡി. സതീശൻ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ.കെ.എസ്.ശബരീനാഥൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ.അനിൽ അക്കരയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ജോൺ ഫെർണാണ്ടസും അവതരിപ്പിച്ച് സംസാരിച്ചു

മന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും ഭേദഗതികളൊന്നും കൂടാതെ വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

(2) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ.ഇ.ചന്ദ്രശേഖരൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അവതരിപ്പിച്ചു.

2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ സർവ്വശ്രീ അടൂർ പ്രകാശ്, എം. ഉമ്മർ എന്നിവർ സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ.എ.എം.ആരിഫും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ചിറ്റയം ഗോപകുമാറും അവതരിപ്പിച്ച സംസാരിച്ചു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം പ്രമേയം സഭ അംഗീകരിക്കുകയും ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു.

<u>രണ്ടാം വകുപ്പ്</u>

1. ഖണ്ഡം 2(V)-ൽ "സെന്ററിന്റെയോ പ്രാദേശികതല നിരീക്ഷണ സമിതിയുടേയോ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ " എന്ന വാക്കുകൾക്കു പകരം "സെന്ററിന്റെയും പ്രാദേശിക തല നിരീക്ഷണ സമിതിയുടേയും റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ കേരള സംസ്ഥാന റിമോർട് സെൻസിംഗ് സെന്ററിന്റെ റിപ്പോർട്ട് ലഭ്യമല്ലാത്തിടത്ത് പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ " എന്ന വാക്കുകൾ ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

2. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ "പ്രസ്തുത ഡാറ്റാബാങ്കിൽ നിലമായോ തണ്ണീർത്തടമായോ" എന്നതിന് പകരം "പ്രസ്തുത ഡാറ്റാ ബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ" എന്ന വാക്കുകൾ ചേർക്കുക.

<u>നാലാം വകുപ്പ്</u>

3. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 8(3)-നു പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "പൊതു ആവശ്യത്തിനായി നിലംനികത്തുന്നതിനോ" എന്നീ വാക്കുകൾക്ക് പകരം "പൊതു ആവശ്യത്തിനായി നെൽവയൽ നികത്തുന്നതിനോ" എന്ന വാക്കുകൾ ചേർക്കുക.

<u>ആറാം വകുപ്പ്</u>

4. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിലെ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ, " പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ" എന്നീ വാക്കുകൾക്കു ശേഷം " മാത്രം" എന്ന വാക്ക് ചേർക്കുക.

5. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ" എന്നീ വാക്കുകൾക്ക് ശേഷം "മാത്രം" എന്ന വാക്ക് ചേർക്കുക.

6. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ "അപേക്ഷയിൽമേലോ" എന്ന വാക്കിനു പകരം "അപേക്ഷയിന്മേലോ" എന്ന വാക്ക് ചേർക്കുക.

<u>എട്ടാം വകുപ്പ്</u>

7. ഖണ്ഡം 8(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(2)-ൽ "കൈയ്യൊഴിക്കുന്നതിന്" എന്നതിനു പകരം "കൈയ്യൊഴിക്കുന്നതിനും ഇവയിൽ ഏതെങ്കിലുമോ എല്ലാമോ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ടൈൽ മുതലായവ കൊയ്യൊഴിക്കുന്നതിനും" എന്ന് ചേർക്കുക.

<u>പത്താം വകുപ്പ്</u>

8. ഖണ്ഡം 10 (1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(2)-ൽ "നിഷേധിച്ചുകൊണ്ടോ" എന്ന വാക്കിന് പകരം "നിരസിച്ചുകൊണ്ടോ" എന്ന വാക്ക് ചേർക്കുക.

9. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 എ)-ൽ "ബന്ധപ്പെട്ട പഞ്ചായത്ത്" എന്നതിന് പകരം "ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ" എന്ന വാക്കുകൾ ചേർക്കുക.

10. ഖണ്ഡം 10(5) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഏതെങ്കിലും ഒന്നിന്" എന്നീ വാക്കുകൾക്ക് പകരം "ഏതിനും" എന്ന് ചേർക്കുക.

11. ഖണ്ഡം 10 (8) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (10) (v)-ൽ "മണലോ ഏതെങ്കിലും ധാതുക്കളോ"എന്നതിന് പകരം "മണലോ കളിമണ്ണോ മറ്റ് ഏതെങ്കിലും ധാതുക്കളോ "എന്ന് ചേർക്കുക.

<u>പതിനഞ്ചാം വകുപ്പ്</u>

12. ഖണ്ഡം 15 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(6)-ൽ "ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 120" എന്നത് "ഭൂമിയിൽ 120" എന്നാക്കുക.

13. ഖണ്ഡം 15 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2) -ൽ "ലോക്കൽ ഫണ്ടിന്റെ " എന്ന വാക്കുകൾക്ക് പകരം "സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ" എന്ന വാക്കുകൾ ചേർക്കുക.

അവകാശലംഘന പ്രശ്നം :

I. താഴെപ്പറയുന്ന അവകാശലംഘന നോട്ടീസുകൾക്ക് സ്പീക്കർ അനുമതി നിഷേധിച്ചു

(1) കേരളത്തിന്റെ പനിമരണങ്ങളെ സംബന്ധിച്ച് 10-8-2017-ന് അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് നൽകിയ നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവന നടത്തിയെന്നാരോപിച്ച് ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ നോട്ടീസ്. .

(2) 19-10-2016-ലെ ചോദ്യോത്തര വേളയിൽ ശ്രീ.എൻ.ഷംസുദ്ദീൻ ഉന്നയിച്ച ഉപചോദ്യത്തിന് നൽകിയ ഉത്തരത്തിന് സമൂഹമാധ്യമത്തിലൂടെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകിയെന്നും അത് സഭയിൽ ചോദ്യം ചോദിക്കാനും ഉത്തരം മനസ്സിലാക്കാനുമുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ആരോപിച്ച് മന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. ഹൈബി ഈഡൻ നൽകിയ നോട്ടീസ്.

(3) അമ്പലമുകൾ ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം ഫാക്ടിൽ നിന്നും വാങ്ങുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിയമസഭാ മന്ദിരത്തിലെ ഓഫീസിൽ 18-5-2017-ൽ ചേർന്ന ആലോചനാ യോഗത്തിലേയ്ക്ക് സ്ഥലം എം.എൽ.എ.യായ തന്നെ ക്ഷണിക്കാത്തത് അവകാശലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. വി. പി. സജീന്ദ്രൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസ്.

(4) സാമൂഹ്യസുരക്ഷാ മിഷനിൽ ദിവസവേതന കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച് 14-ാം കേരള നിയമസഭയിലെ 2-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1475-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരവും 10-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1824-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരവും വ്യത്യസ്തമാണെന്നും ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ആരോപിച്ച് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ.വി.പി.സജീന്ദ്രൻ നൽകിയ നോട്ടീസ്.

(5) പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളന കാലയളവിൽ 4-4-2018-ന് നിലമ്പൂർ-നഞ്ചൻകോട് റെയിൽവേയുമായി ബന്ധപ്പെട്ട് സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി വസ്തുതാവിരുദ്ധമാണെന്നും സഭയേയും അംഗങ്ങളെയും തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും യാഥാർത്ഥ്യം മറച്ചുവച്ചെന്നും ആരോപിച്ച് ശ്രീ. എം. ഉമ്മർ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസ്.

II. താഴെപ്പറയുന്ന അവകാശലംഘന പ്രശ്നം ചെയറിന്റെ പരിഗണനയിലിരിക്കുന്നതായി സ്പീക്കർ അറിയിച്ചു

ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് ഐ.പി.എസ്. ഓഫീസർമാരുടെ വീടുകളിൽ ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാർ ജോലി നോക്കുന്ന വിവരം വ്യക്തമായി അറിയാമെന്നിരിക്കെ 21-3-2018-ലെ നക്ഷത്രചിഹ്നമിടാത്ത 4403-ാം നമ്പർ ചോദ്യത്തിന് "ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്ക് നിയോഗിക്കാറില്ല" എന്ന് ഉത്തരം നൽകിയത് മനഃപൂർവ്വവും സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണെന്ന് ആരോപിച്ച് മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി ചോദിച്ചുകൊണ്ട് ശ്രീ.വി.ഡി.സതീശൻ നൽകിയ നോട്ടീസ്.

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നതു സംബന്ധിച്ച് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിച്ചു.

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു.

വൈകുന്നേരം 7.37-ന് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

## Eleventh Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, June 25, 2018*

**No. 137**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions* :

Four questions in the list of questions posted for the day were answered orally.

*Adjournment Motion* :

After hearing the Minister for Revenue and Housing and the Chief Minister the Speaker withheld consent to the moving of an adjournment motion, given notice of by Shri K. M. Mani and three other Members regarding the serious situation reported to have arisen consequent on the difficulties faced by farmers of eight villages in Idukki district as a result of a Government order which made NOC from village officers concerned mandatory for the construction of house in these villages.

In protest against the attitude of the Government in the matter, the Members belonging to the opposition staged a walk out.

*Calling Attention* :

(1) Shri K. V. Abdul Khader called the attention of the Minister for Local Self Governments, Welfare of Minorities, Wakf and Hajj Pilgrimage to the necessity to form a Development Authority to co-ordinate the Centrally Sponsored and State Schemes which are being implemented in Guruvayoor. The Minister made a statement thereto.

(2) Shri Abdul Hameed. P. called the attention of the Chief Minister to the necessity to exert pressure on the Central Government for the comprehensive development of Kozhikode International Airport. The Chief Minister made a statement thereto.

KNPP. 1386/2018(ii).

Matters raised under Rule 304 :

The matters raised under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പമന്ത്രി |
|---|---|---|---|
| 1 | ശ്രീ. മുല്ലക്കര രത്നാകരൻ | ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് | മുഖ്യമന്ത്രി |
| 2 | ശ്രീ. രമേശ് ചെന്നിത്തല | തൃക്കുന്നപ്പുഴ ആറാട്ടുപുഴ തീരദേശ മേഖലയിലെ കടലാക്രമണം | ജലവിഭവ വകുപ്പമന്ത്രി |
| 3 | ശ്രീ. എ.എൻ.ഷംസീർ | ഹരിപ്പാട് മുൻ ICDS ഉദ്യോഗസ്ഥയുടെ പരാതി | മുഖ്യമന്ത്രി |
| 4 | ശ്രീ. റോജി എം.ജോൺ | കൊച്ചി മെട്രോ അങ്കമാലി വരെ നീട്ടുന്നത് | മുഖ്യമന്ത്രി |
| 5 | ഡോ. എൻ.ജയരാജ് | ചിറക്കടവ് പ്രദേശത്തെ രാഷ്ട്രീയ സംഘർഷങ്ങൾ | മുഖ്യമന്ത്രി |
| 6 | ശ്രീ. ഐ.സി.ബാലകൃഷ്ണൻ | വയനാട്ടിലെ കർഷകരിൽ നിന്നുള്ള സാമ്പത്തിക തട്ടിപ്പ് | മുഖ്യമന്ത്രി |
| 7 | ശ്രീ. അനൂപ് ജേക്കബ് | ആമ്പല്ലൂർ വില്ലേജ് ഓഫീസിലെ കാലതാമസം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി |
| 8 | ശ്രീമതി സി.കെ.ആശ | കണ്ടെയിനർ ലോറി മറിഞ്ഞ് തകർന്ന വീട് താമസയോഗ്യമാക്കി നൽകുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി |
| 9 | ശ്രീ.കെ.എൻ.എ. ഖാദർ | കാലവർഷക്കെടുതിയുടെ നഷ്ടപരിഹാരം നൽകുന്നതും പുനരുദ്ധാരണ പ്രവർത്തനങ്ങളും | റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി |

| | | | |
|---|---|---|---|
| 10 | ശ്രീ. സജി ചെറിയാൻ | ചെങ്ങന്നൂരിലെ കുടിവെള്ള പദ്ധതികൾ | ജലവിഭവ വകുപ്പുമന്ത്രി |
| 11 | ശ്രീ. ഡി.കെ.മുരളി | കിള്ളിയാർ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 12 | ശ്രീമതി പി.അയിഷാ പോറ്റി | കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 13 | ശ്രീ. വി.എസ്.ശിവകുമാർ | കിള്ളിപ്പാലം അട്ടക്കുളങ്ങര റോഡ് നവീകരണം, വഴുതക്കാട് തൈക്കാട് ഫ്ലൈ ഓവർ എന്നിവ സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 14 | ശ്രീ. എം.നൗഷാദ് | ദക്ഷിണ റെയിൽവേയുടെ പുതിയ സമയ ക്രമീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 15 | ശ്രീ. കെ.എം.ഷാജി | ദേശീയപാത വികസനത്തിലെ അലൈൻമെന്റ് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 16 | ശ്രീ. പി.ടി.തോമസ് | സീപോർട്ട്-എയർപോർട്ട് റോഡ് നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 17 | ശ്രീ. ജി.എസ്.ജയലാൽ | പള്ളിക്കമണ്ണടി പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 18 | ശ്രീ. സി.കെ.നാണു | വടകര ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണത്തിലെ കാലതാമസം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 19 | ശ്രീ. വി.ടി.ബൽറാം | തൃത്താലയിലെ ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 20 | ശ്രീ. അൻവർ സാദത്ത് | കളിമൺപാത്ര നിർമ്മാണം പരമ്പരാഗത വ്യവസായങ്ങളിൽ ഉൾപ്പെടുത്തുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 21 | ശ്രീ. ആർ.രാജേഷ് | സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപക തസ്തിക സൃഷ്ടിക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 22 | ശ്രീ. കോവൂർ കുഞ്ഞുമോൻ | സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 23 | ശ്രീ. ഹൈബി ഈഡൻ | കമ്മട്ടിപ്പാടനിവാസികൾക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായി വീട് വച്ച് നൽകുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 24 | ശ്രീ. ജോൺ ഫെർണാണ്ടസ് | മട്ടാഞ്ചേരിയിലെ വഖഫ് ബോർഡിന് കീഴിലുള്ള കാലപ്പഴക്കം വന്ന കെട്ടിടങ്ങൾ പുതുക്കി പണിയുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 25 | ശ്രീ. എൻ.വിജയൻ പിള്ള | ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും |
| 26 | ശ്രീ. റ്റി.വി.രാജേഷ് | പിലാത്തറ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നത് | വൈദ്യുതി വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers laid on the Table* :

The following papers were laid on the table:

i. *As per Rule 166 (1)*

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 576/2016 | ജി.ഒ.(ആർറ്റി.) നമ്പർ 2630/2016/ഹോം. | 25-8-2016 |
| 2 | 286/2018 | ജി.ഒ.(ആർറ്റി.) നമ്പർ 361/2018/ഹോം. | 2-2-2018 |
| 3 | 341/2018 | ജി.ഒ.(പി.) നമ്പർ 24/2018/ഹോം. | 27-5-2018 |
| 4 | 357/2018 | ജി.ഒ.(എംഎസ്.) നമ്പർ 77/2018/ഹോം. | 28-4-2018 |
| 5 | 386/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1486/2018/ഹോം. | 24-5-2018 |
| 6 | 379/2018 | ജി.ഒ.(പി.) നമ്പർ 19/2018/ട്രാൻ. | 4-6-2018 |
| 7 | 398/2018 | ജി.ഒ.(പി.) നമ്പർ 20/2018/ട്രാൻ. | 13-6-2018 |
| 8 | 384/2018 | ജി.ഒ.(പി.) നമ്പർ 14/2018/ഐ.ഡി. | 4-6-2018 |
| 9 | 253/2018 | ജി.ഒ.(പി.)നമ്പർ 44/2018/എച്ച്&എഫ്ഡബ്ല്യുഡി. | 20-4-2018 |
| 10 | 350/2018 | ജി.ഒ.(പി.) നമ്പർ 77/2018/റ്റിഡി. | 1-6-2018 |
| 11 | 351/2018 | ജി.ഒ.(പി.)നമ്പർ 78/2018/റ്റിഡി. | 1-6-2018 |
| 12 | 352/2018 | ജി.ഒ.(പി.) നമ്പർ 79/2018/റ്റിഡി. | 1-6-2018 |
| 13 | 373/2018 | സ.ഉ. (അച്ചടി) നമ്പർ 48/2018/തൊഴിൽ. | 31-5-2018 |
| 14 | 328/2018 | ജി.ഒ.(പി.) നമ്പർ 53/2018/കോ-ഓപ്. | 5-5-2018 |
| 15 | 329/2018 | ജി.ഒ.(പി.) നമ്പർ 54/2018/കോ-ഓപ്. | 8-5-2018 |
| 16 | 382/2018 | ജി.ഒ.(പി.)നമ്പർ 11/2018/ എഫ്&പിഡി. | 7-6-2018 |

ii. *Reports of various Institutions*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും |
| 2 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2014-15 | വാർഷിക റിപ്പോർട്ട് |

iii. *As per rule 47(2)* :

The following answers along with delay statement as per Rule 47(2)

| Assembly | Session | Unstarred question number |
|---|---|---|
| 13 | 10 | 3523 |
| 14 | 7 | 1755 |
| 14 | 9 | 157, 1839 |
| 14 | 10 | 3, 15, 77, 241, 1052, 1484, 3228, 3280, 4295, 4345, 4386, 5769, 5776, 5816, 5858, 6216 |

*Presentation of Reports* :

The following Reports were presented:

(1) The Report of the Subject Committee-III on the action taken on the recommendations contained in the Second Report on the scrutiny of demands for grants for the financial year 2017-18.

(2) The Periodical Report of Subject Committee-III as on 31st March 2018.

(3) The Sixty Eighth to Seventy Second Reports of the Committee on Public Undertakings.

The Speaker gave the following Ruling on a point of order raised by Shri V. D. Satheesan on 20-6-2018, regarding the attempt of finance Department to encroach in to the special powers of Speaker and the Legislature Secretariat established under Article 187 of Constitution.

"ബഹുമാനപ്പെട്ട ഗവർണ്ണർ സ്പീക്കറുമായി കൂടിയാലോചിച്ച് പുറപ്പെടുവിച്ച 1979-ലെ കേരള നിയമസഭ സെക്രട്ടേറിയറ്റ് (റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നിയമസഭ സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട് കാര്യങ്ങളിൽ ധനകാര്യവകുപ്പ് തീർപ്പ് കൽപ്പിച്ചിട്ടുള്ളൂ എന്നും നിയമസഭയുടെ സ്വതന്ത്രപദവിയേയും സ്പീക്കറുടെ അധികാരത്തേയും ഹനിക്കുന്ന നടപടികൾ ഒന്നുംതന്നെ ധനകാര്യവകുപ്പ് സ്വീകരിച്ചിട്ടില്ലെന്നും ധനകാര്യവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുകയുമുണ്ടായി.

തുടർന്ന്, ഉന്നയിക്കപ്പെട്ട വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഇതു സംബന്ധിച്ച രേഖകൾ വിശദമായി പരിശോധിച്ച് വ്യക്തമായ റൂളിംഗ് പിന്നീട് നൽകുന്നതാണെന്ന് ചെയർ അറിയിക്കുകയും ചെയ്തിരുന്നു.

ശ്രീ. വി. ഡി. സതീശൻ സഭയിൽ ഉന്നയിച്ച വിഷയത്തിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളും അതു സംബന്ധിച്ച് ധനകാര്യമന്ത്രി നൽകിയ വിശദീകരണവും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായ ബന്ധപ്പെട്ട ഫയൽ രേഖകളുടേയും മറ്റ് അടിസ്ഥാന പ്രമാണങ്ങളുടേയും അടിസ്ഥാനത്തിൽ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

സഭാനടപടികളുടെ കാര്യത്തിലെന്നപോലെ നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനവും വ്യക്തമായ നിയമവ്യവസ്ഥകളുടേയും ചട്ടങ്ങളുടേയും നടപടിക്രമങ്ങളുടേയും അടിസ്ഥാനത്തിലാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. എക്സിക്യൂട്ടീവിന്റെ ഭാഗമായ ഇതര സർക്കാർ വകുപ്പുകൾക്ക് പൊതുവെ ബാധകമായ ഒട്ടേറെ നിയമവ്യവസ്ഥകളും പ്രവർത്തനശൈലിയും ലെജിസ്ലേച്ചറിന്റെ ഭാഗമായ നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തേയും നിയന്ത്രിക്കുന്നെങ്കിലും എക്സിക്യൂട്ടീവിൽ നിന്നും വിഭിന്നമായി സ്പീക്കറുടെ സമ്പൂർണ്ണ നിയന്ത്രണത്തിലുള്ളതും ഏറെക്കുറെ സ്വതന്ത്രമായതുമായ ഒരു ഭരണക്രമമാണ് നിയമസഭാ സെക്രട്ടേറിയറ്റിനായി ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളത്.

സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ സഭകളുടെ നിഷ്പക്ഷവും സ്വതന്ത്രവുമായ പ്രവർത്തനത്തിന് ഒരു പ്രത്യേക സെക്രട്ടേറിയറ്റ് ഉണ്ടാകേണ്ടത് ഇന്ത്യൻ ജനാധിപത്യത്തിൽ അനിവാര്യമാണെന്നുള്ള ഭരണഘടനാ നിർമ്മാതാക്കളുടെ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് 187-ാം അനുച്ഛേദമായി ഭരണഘടനയിൽ സംസ്ഥാന നിയമ നിർമ്മാണസഭകൾക്കായി പ്രത്യേക സെക്രട്ടേറിയറ്റിനുള്ള വ്യവസ്ഥ ഉൾച്ചേർത്തത്. അത്തരത്തിൽ രൂപീകരിക്കപ്പെടുന്ന സെക്രട്ടേറിയറ്റുകളുടെ സ്വതന്ത്രവും നിഷ്പക്ഷവും സുഗമവുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിലേക്കായി സംസ്ഥാനത്തിന്റെ മൊത്തം വാർഷിക ബഡ്ജറ്റിന്റെ ഒരു നിശ്ചിത ശതമാനം തുക പ്രതിവർഷം വകയിരുത്തുന്ന ഒരു കീഴ്വഴക്കം ഇന്ത്യയിലെ ഏതാനും ചില സംസ്ഥാന നിയമസഭകളിൽ നിലവിലുണ്ട്. ഇന്ത്യൻ പാർലമെന്റും ഈ രീതിയാണ് പിൻതുടരുന്നത്.

എന്നാൽ കേരളത്തിൽ നിയമസഭയുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതം നിശ്ചയിക്കുന്നതിൽ മേൽപ്പറഞ്ഞ തരത്തിലുള്ള ഒരു കീഴ്വഴക്കം സ്വീകരിച്ചിട്ടില്ലെങ്കിൽപ്പോലും നിയമസഭയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന യാതൊരുവിധ ചർച്ചയും കൂടാതെ ഏകകണ്ഠേനയാണ് സഭ പാസ്സാക്കുന്നത്. മാത്രവുമല്ല, നിയമസഭയുടേയും അതിന്റെ സെക്രട്ടേറിയറ്റിന്റെയും പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനാവശ്യമായ

വാർഷിക ബഡ്ജറ്റ് വിഹിതവും മറ്റ് അനുബന്ധ കാര്യങ്ങളും ഉറപ്പാക്കുന്ന കാര്യത്തിൽ ധനകാര്യവകുപ്പ് അങ്ങേയറ്റത്തെ ജാഗ്രതയാണ് പുലർത്തി വരുന്നത്. നിയമസഭയുടെയും വിവിധ കമ്മിറ്റികളുടെയും പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്ന കാര്യത്തിൽ ഇതര സർക്കാർ വകുപ്പുകളും അർദ്ധ സർക്കാർ സ്ഥാപനങ്ങളും അങ്ങേയറ്റത്തെ സൗമനസ്യവും സഹകരണവുമാണ് പ്രകടിപ്പിച്ചുവരുന്നത് എന്ന് ഏറെ ചാരിതാർത്ഥ്യത്തോടെ സഭാംഗങ്ങളെ അറിയിക്കട്ടെ. ഇത്തരത്തിൽ ആരോഗ്യകരമായ എക്സിക്യൂട്ടീവ് ലെജിസ്ലേച്ചർ ബന്ധം നിലനിൽക്കുന്നതുമൂലം നിയമസഭയുടെ അന്തസ്സ് ഉയരുകയും നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനമികവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട് എന്നത് നമുക്കൊക്കെ അഭിമാനിക്കാൻ വക നൽകുന്ന ഒരു കാര്യം തന്നെയാണ്.

എന്നിരുന്നാലും സഭാ സമ്മേളനവുമായും നിയമസഭാ സെക്രട്ടേറിയറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ടതും സഭാദ്ധ്യക്ഷന്റെ exclusive financial jurisdiction-ൽപ്പെട്ടതുമായ കാര്യങ്ങളിൽ സ്പീക്കർ കൈക്കൊള്ളുന്ന തീരുമാനങ്ങളുടെ സാംഗത്യം ചോദ്യം ചെയ്യുകയും മേലിൽ ധനവകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ അത്തരം അധികാരങ്ങൾ വിനിയോഗിക്കുവാൻ പാടുള്ളൂ എന്ന് ഫയലിൽ ഉത്തരവിടുകയും അത് ഔദ്യോഗികമായി നിയമസഭാ സെക്രട്ടേറിയറ്റിനെ അറിയിക്കുകയും ചെയ്യുന്ന പ്രവണത ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നു എന്ന ശ്രീ.വി.ഡി.സതീശന്റെ ആരോപണം ശരിവയ്ക്കുന്ന ചില സന്ദർഭങ്ങൾ ഇതിനു മുമ്പുതന്നെ ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. നിയമസഭയുടെ പ്രത്യേക അധികാര അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് സമവായത്തിലൂടെ ഇക്കാര്യങ്ങൾ നിർവ്വഹിക്കണമെന്ന് ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം ചേർന്ന് തീരുമാനിച്ചിരുന്നതുമാണ്.

എന്നാൽ, 1979-ലെ കേരള ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് (റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസിലോ, 1987-ലെ ദി പേഴ്സണൽ സ്റ്റാഫ് ഓഫ് സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ ആന്റ് ചെയർമെൻ ഓഫ് ഫിനാൻഷ്യൽ കമ്മിറ്റീസ് റൂൾസിലോ ഒന്നും തന്നെ ധനകാര്യവകുപ്പിന്റെ മുൻകൂർ അനുമതിയോ അധികാരമോ വേണമെന്ന് നിഷ്കർഷിക്കുന്നില്ല. എന്നിരിക്കേ, സമ്പൂർണ്ണമായും സ്പീക്കറുടെ അധികാരിതയിൽ വരുന്ന കാര്യങ്ങളിൽപ്പോലും നിയമസഭയിൽ നിന്നും തുടർനടപടികൾക്കായി അയയ്ക്കുന്ന ഫയലുകളിൽ ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ അനാവശ്യ പരാമർശങ്ങൾ നടത്തുന്നത് ഒട്ടും തന്നെ ആശാസ്യകരമായ കാര്യമല്ലെന്ന് അസന്ദിഗ്ദ്ധമായിത്തന്നെ അറിയിക്കുന്നു.

ഇതുസംബന്ധിച്ച് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ട ഫയലുകളിലൊന്നിൽ ഏതു ചട്ടത്തിലെ ഏത് വ്യവസ്ഥയുടെ അഥവാ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരമൊരു ഡയറക്ഷൻ നല്കുന്നതെന്ന് പരാമർശിച്ചിട്ടില്ലെന്ന് മാത്രമല്ല മേൽപ്പറഞ്ഞ

തരത്തിൽ പരാമർശം നടത്തിയ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ തന്റെ പേരും ഔദ്യോഗിക പദവിയും ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഫയലുകൾ പ്രോസസ് ചെയ്യുമ്പോൾ പാലിക്കേണ്ട അംഗീകൃത ഓഫീസ് നടപടിക്രമത്തിന്റെ കടുത്ത ലംഘനം കൂടിയാണ് ഈ നടപടി. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള ഫയലുകൾ എത്ര ലാഘവത്തോടും നിരുത്തരവാദത്തോടും കൂടിയാണ് ധനകാര്യവകുപ്പിലെ ചില ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്നത് എന്നതിന്റെ ഒരു ഉത്തമ ഉദാഹരണമായി ഈ നടപടിയെ കാണാവുന്നതാണ്.

ഇതിനുമുമ്പ് സ്പീക്കറുടേയും നിയമസഭാ സെക്രട്ടേറിയറ്റിന്റേയും സാമ്പത്തികാധികാരത്തെ നിയന്ത്രിച്ചുകൊണ്ട് ധനകാര്യവകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ച കാര്യവും അതു സംബന്ധിച്ച് പത്താം കേരള നിയമസഭയുടെ കാലത്ത് 1996 നവംബർ 13-ാം തീയതി സഭാതലത്തിൽ ഉയർന്നുവന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യമന്ത്രി അന്നുതന്നെ പ്രസ്തുത ഉത്തരവ് പിൻവലിച്ച് സഭയിൽ മാപ്പുപറഞ്ഞ സംഭവവും ശ്രീ.വി.ഡി.സതീശൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി.

നീണ്ടകാലങ്ങൾക്കുശേഷം അത്തരത്തിലുള്ള ദുഷ്പ്രവണതകൾ ധനകാര്യവകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീണ്ടും ഉണ്ടാകുന്നതായി കാണുന്നതിൽ ചെയറിനുള്ള കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു. ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ശ്രീ.വി.ഡി.സതീശൻ സഭയുടെ അനുമോദനം അർഹിക്കുന്നു.

പാർലമെന്റിനും മറ്റു സംസ്ഥാന നിയമസഭകൾക്കും മാതൃക ആകുന്ന തരത്തിൽ ഒട്ടേറെ വിപ്ലവകരമായ മാറ്റങ്ങൾക്ക് വേദിയായിട്ടുള്ള നമ്മുടെ മഹത്തായ സഭയ്ക്ക് അത്തരം നേട്ടങ്ങൾ സ്വായത്തമാക്കുവാൻ കഴിഞ്ഞത് മാറിമാറിവന്ന സർക്കാരുകൾ അതതു സമയം സഹിഷ്ണുതയോടും സൗഹാർദ്ദപൂർവ്വവും പുലർത്തിയ സഹകരണ മനോഭാവവും തുറന്ന മനസ്സോടെ നൽകിയ പ്രവർത്തന സ്വാതന്ത്ര്യവും കൊണ്ടുമാത്രമാണ്. ഭരണഘടനാ തത്വങ്ങൾക്ക് അനുസൃതമായും പ്രത്യയശാസ്ത്രങ്ങൾക്കതീതമായിട്ടുമുള്ള അത്തരം സഹവർത്തിത്തം തകർക്കുന്ന തരത്തിൽ ഉയർന്നുവരുന്ന ദുഷ്പ്രവണതകൾ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത ഉണ്ടാകണമെന്നും ചെയർ ബന്ധപ്പെട്ടവരെ ഇത്തരത്തിൽ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു."

*Legislative Business*:

I. Motion for consideration and further stages of the following Bills as reported by the Subject Committee

(i) Shri Kadakampally Surendran, Minister for Co-operation,Tourism and Devaswoms, on behalf of Minister for Labour and Excise, moved the motion that The Abkari (Amendment) Bill, 2018 as reported by the Subject Committee be taken up for consideration.

Shri V. D. Satheesan who had recorded the note of dissent to the Report of the Subject Committee also spoke.

Shri Anil Akkara, as authorised by Shri K. S. Sabarinadhan, moved an amendment to circulate the Kerala Abkari (Amendment) Bill, 2018 as reported by the Subject Committee for eliciting public opinion and Shri John Fernandez moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister the amendments moved were withdrawn by the leave of the House. Then the motion was adopted and the bill was taken up for clause by clause consideration and passed without any amendments.

(2) Shri E. Chandrasekharan, Minister for Revenue and Housing moved the motion that The Kerala Conservation of Paddy Land and Wet Land (Amendment) Bill, 2018, as reported by the Subject Committee, be taken up for consideration.

Shri Adoor Prakash, and Shri M. Ummer who had recorded their notes of dissent to the report of the Subject Committee also spoke.

Shri A. M. Ariff, as authorised by Shri K. Ansalan, moved an amendment to circulate The Kerala Conservation of Paddy Land and Wet Land (Amendment) Bill, 2018 as reported by the Subject Committee for eliciting public opinion and Shri Chittaym Gopakumar moved another amendment to recommit the bill to the same Subject Committee and spoke.

After the reply by the Minister for Revenue and Housing, the amendments moved were withdrawn by the leave of the House. Then the motion was adopted and the bill was taken up for clause by clause consideration and passed with the following amendments:

*Clause 2*

1. ഖണ്ഡം 2(V)-ൽ "സെന്ററിന്റെയോ പ്രാദേശികതല നിരീക്ഷണ സമിതിയുടേയോ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ " എന്ന വാക്കുകൾക്ക പകരം "സെന്ററിന്റെയും പ്രാദേശിക തല നിരീക്ഷണ സമിതിയുടേയും റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ കേരള സംസ്ഥാന റിമോർട് സെൻസിംഗ് സെന്ററിന്റെ റിപ്പോർട്ട് ലഭ്യമല്ലാത്തിടത്ത് പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ " എന്ന വാക്കുകൾ ചേർക്കുക.

*Clause 3*

2. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ "പ്രസ്തുത ഡാറ്റാബാങ്കിൽ നിലമായോ തണ്ണീർത്തടമായോ" എന്നതിന് പകരം "പ്രസ്തുത ഡാറ്റാ ബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ" എന്ന വാക്കുകൾ ചേർക്കുക.

*Clause 4*

3. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 8(3)-നു പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "പൊതു ആവശ്യത്തിനായി നിലംനികത്തുന്നതിനോ" എന്നീ വാക്കുകൾക്ക് പകരം "പൊതു ആവശ്യത്തിനായി നെൽവയൽ നികത്തുന്നതിനോ" എന്ന വാക്കുകൾ ചേർക്കുക.

*Clause 6*

4. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിലെ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ, " പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ" എന്നീ വാക്കുകൾക്കു ശേഷം " മാത്രം" എന്ന വാക്ക് ചേർക്കുക.

5. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ" എന്നീ വാക്കുകൾക്ക് ശേഷം "മാത്രം" എന്ന വാക്ക് ചേർക്കുക.

6. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ "അപേക്ഷയിൽമേലോ" എന്ന വാക്കിനു പകരം "അപേക്ഷയിന്മേലോ" എന്ന വാക്ക് ചേർക്കുക.

*Clause 8*

7. ഖണ്ഡം 8(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(2)-ൽ "കൈയ്യൊഴിക്കുന്നതിന്" എന്നതിനു പകരം "കൈയ്യൊഴിക്കുന്നതിനും ഇവയിൽ ഏതെങ്കിലുമോ എല്ലാമോ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ടൈൽ മുതലായവ കൈയ്യൊഴിക്കുന്നതിനും" എന്ന് ചേർക്കുക.

*Clause 10*

8. ഖണ്ഡം 10 (1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(2)-ൽ "നിഷേധിച്ചുകൊണ്ടോ" എന്ന വാക്കിന് പകരം "നിരസിച്ചുകൊണ്ടോ" എന്ന വാക്ക് ചേർക്കുക.

9. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 എ)-ൽ "ബന്ധപ്പെട്ട പഞ്ചായത്ത്" എന്നതിന് പകരം "ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ" എന്ന വാക്കുകൾ ചേർക്കുക.

10. ഖണ്ഡം 10(5) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഏതെങ്കിലും ഒന്നിന്" എന്നീ വാക്കുകൾക്ക് പകരം "ഏതിനും" എന്ന് ചേർക്കുക.

11. ഖണ്ഡം 10(8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (10) (v)-ൽ "മണലോ ഏതെങ്കിലും ധാതുക്കളോ" എന്നതിന് പകരം "മണലോ കളിമണ്ണോ മറ്റ് ഏതെങ്കിലും ധാതുക്കളോ" എന്ന് ചേർക്കുക.

<u>Clause 15</u>

12. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(6)-ൽ "ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 120" എന്നത് "ഭൂമിയിൽ 120" എന്നാക്കുക.

13. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2)-ൽ "ലോക്കൽ ഫണ്ടിന്റെ" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ" എന്ന വാക്കുകൾ ചേർക്കുക.

*Question of Breach of Privilege* :

I. <u>The Speaker withheld consent to the following notices of question of breach of privilege:</u>

(1) കേരളത്തിന്റെ പനിമരണങ്ങളെ സംബന്ധിച്ച് 10-8-2017-ന് അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് നൽകിയ നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവന നടത്തിയെന്നാരോപിച്ച് ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ നോട്ടീസ്.

(2) 19-10-2016-ലെ ചോദ്യോത്തര വേളയിൽ ശ്രീ.എൻ.ഷംസുദ്ദീൻ ഉന്നയിച്ച ഉപചോദ്യത്തിന് നൽകിയ ഉത്തരത്തിന് സമൂഹമാധ്യമത്തിലൂടെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകിയെന്നും അത് സഭയിൽ ചോദ്യം ചോദിക്കാനും ഉത്തരം മനസ്സിലാക്കാനുമുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ആരോപിച്ച് മന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ.ഹൈബി ഈഡൻ നൽകിയ നോട്ടീസ്.

(3) അമ്പലമുകൾ ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം ഫാക്ടിൽ നിന്നും വാങ്ങുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിയമസഭാ മന്ദിരത്തിലെ ഓഫീസിൽ 18-5-2017-ൽ ചേർന്ന ആലോചനായോഗത്തിലേയ്ക്ക് സ്ഥലം എം.എൽ.എ.യായ തന്നെ ക്ഷണിക്കാത്തത് അവകാശലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ.വി.പി.സജീന്ദ്രൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസ്.

(4) സാമൂഹ്യസുരക്ഷാ മിഷനിൽ ദിവസവേതന കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച് 14-ാം കേരള നിയമസഭയിലെ 2-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1475-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരവും 10-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1824-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരവും വ്യത്യസ്തമാണെന്നും ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ആരോപിച്ച് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ.വി.പി.സജീന്ദ്രൻ നൽകിയ നോട്ടീസ്.

(5) പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളന കാലയളവിൽ 4-4-2018-ന് നിലമ്പൂർ-നഞ്ചൻകോട് റെയിൽവേയുമായി ബന്ധപ്പെട്ട് സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി വസ്തുതാവിരുദ്ധമാണെന്നും സഭയേയും അംഗങ്ങളെയും തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും യാഥാർത്ഥ്യം മറച്ചുവച്ചെന്നും ആരോപിച്ച് ശ്രീ. എം. ഉമ്മർ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കെതിരെ നൽകിയ നോട്ടീസ്.

II. The Speaker informed the House that the following question of breach of privilege was under the consideration of the Chair

ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് ഐ.പി.എസ്. ഓഫീസർമാരുടെ വീടുകളിൽ ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാർ ജോലി നോക്കുന്ന വിവരം വ്യക്തമായി അറിയാമെന്നിരിക്കെ 21-3-2018-ലെ നക്ഷത്രചിഹ്നമിടാത്ത 4403-ാം നമ്പർ ചോദ്യത്തിന് "ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ

വീട്ടുകളിൽ ജോലിക്ക് നിയോഗിക്കാറില്ല" എന്ന് ഉത്തരം നൽകിയത് മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണെന്ന് ആരോപിച്ച് മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി ചോദിച്ചുകൊണ്ട് ശ്രീ.വി.ഡി.സതീശൻ നൽകിയ നോട്ടീസ്.

The House passed the motion moved by the Chief Minister to adjourn the House *sine die.*

The Speaker made a brief review of the Eleventh Session of the Fourteenth Kerala Legislative Assembly.

National Anthem was sung at the end of the proceedings.

The House adjourned *sine die* at 7.37 p.m.

V. K. BABU PRAKASH,
*Secretary.*